## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 615 7.1.2014- ലെ മറുപടിക്ക്

### പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ്

| ചോദ്യം<br>ശ്രീ. കെ. അജിത് | | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വിലവർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാർ/പെട്രോളിയം കമ്പനികൾ 18 തവണ പെട്രോളിനും 16 തവണ ഡീസലിനും വില വർദ്ധിപ്പിച്ചിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

പെട്രോൾ

| വില വർദ്ധിപ്പിച്ച തീയതി | വർദ്ധനവ് (per litre) |
|---|---|
| 14.5.2011 | Rs. 5.00 |
| 16.9.2011 | Rs. 3.14 |
| 3.11.2011 | Rs. 1.82 |
| 24.5.2012 | Rs. 6.28 |
| 24.7.2012 | Rs. 0.70 |
| 27.10.2012 | Rs. 0.29 (dealer commission |
| 16.2.2013 | Rs. 1.50 |
| 01.3.2013 | Rs. 1.40 |
| 01.6.2013 | Rs. 1.00 |
| 16.6.2013 | Rs. 2.00 |
| 29.6.2013 | Rs. 1.82 |
| 15.7.2013 | Rs. 1.55 |
| 01.8.2013 | Rs. 0.70 |
| 01.9.2013 | Rs. 2.35 |
| 14.9.2013 | Rs. 1.63 |
| 21.12.2013 | Rs. 0.21 (dealer coimmission |
| 21.12.2013 | Rs. 0.20 |
| 03.01.2014 | Rs. 0.75 |

**ഡീസൽ**

| വില വർദ്ധിപ്പിച്ച തീയതി | വർദ്ധനവ് (per litre) |
|---|---|
| 25.6.2011 | Rs. 3.00 |
| 14.9.2012 | Rs. 5.00 |
| 27.10.2012 | Rs. 0.20 (dealer commission) |
| 18.1.2013 | Rs. 0.45 |
| 16.2.2013 | Rs. 0.45 |
| 23.3.2013 | Rs. 0.45 |
| 11.5.2013 | Rs. 0.90 |
| 1.6.2013 | Rs. 0.50 |
| 2.7.2013 | Rs. 0.50 |
| 1.8.2013 | Rs. 0.50 |
| 1.9.2013 | Rs. 0.50 |
| 1.10.2013 | Rs. 0.60 |
| 1.11.2013 | Rs. 0.50 |
| 1.12.2013 | Rs. 0.50 |
| 21.12.2013 | Rs. 0.10 (dealer coimmission |
| 03.01.2014 | Rs. 0.50 |

(ബി) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഉണ്ടായ വിലവർദ്ധനവുമായി ബന്ധപ്പെട്ട് എത്ര തവണ നികുതിയിളവ് പ്രഖ്യാപിച്ചിട്ടുണ്ടെന്നും ആയത് ഏതൊക്കെ വർദ്ധനവിലെന്നും നികുതിയിളവുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തു തുക നഷ്ടം ഉണ്ടായിയെന്നും വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിയം ഉല്പന്നങ്ങൾക്ക് ഉണ്ടായ വിലവർദ്ധനവുമായി ബന്ധപ്പെട്ട് പെട്രോളിന് 4 തവണയും, ഡീസലിന് രണ്ട് തവണയും നികുതിയിളവ് പ്രഖ്യാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പെട്രോൾ

| Date of price hike | Price per litre | Reduction in tax rate | |
|---|---|---|---|
| | | From | To |
| 14.5.2011 | Rs.5.00 | 29.01 | 26.64 |
| 16.9.2011 | Rs. 3.14 | 26.64 | 25.42 |
| 03.11.2011 | Rs. 1.82 | 25.42 | 24.75 |
| 24.5.2012 | Rs. 6.28 | 25.82 | 23.07 |

ഡീസൽ

| Date of price hike | Price per litre | Reduction in tax rate | |
|---|---|---|---|
| | | From | To |
| 25.6.2011 | Rs.3.00 | 24.69 | 22.60 |
| 14.9.2012 | Rs. 5.00 | 22.60 | 19.80 |

2011 മേയ് 14-ന് പെട്രോളിന്റെ വില

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിച്ചപ്പോൾ അധിക റവന്യു വരുമാനമായി പ്രതിമാസം ലഭിക്കുമായിരുന്ന 11 കോടി രൂപയും 2011 സെപ്തംബർ 16, 2011 നവംബർ3, 2012 മേയ് 24 തീയതികളിൽ വില വർദ്ധിച്ചപ്പോൾ പ്രതിമാസം യഥാക്രമം ലഭിക്കുമായിരുന്ന 9.08, 5.10, 22.48 കോടി രൂപയുമാണ് ഇപ്രകാരം വേണ്ടെന്നു വെച്ചത്. കേന്ദ്ര സർക്കാർ 2011 ജൂൺ 25 നും 2012 സെപ്റ്റംബർ 14 നും ഡീസലിന്റെ വില വർദ്ധിപ്പിച്ചപ്പോൾ പ്രതിമാസം യഥാക്രമം ലഭിക്കുമായിരുന്ന 13.07 കോടി രൂപ, 19.95 കോടി രൂപയുമാണ് ഇപ്രകാരം വേണ്ടെന്നു വെച്ചത്. |
| (സി) | പ്രഖ്യാപിച്ച നികുതിയിളവുകൾ നിലവിലുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തു തുകയാണ് ഇളവ് ഉള്ളതെന്നും വ്യക്തമാക്കുമോ; | (സി) & (ഡി) | വിലവർദ്ധനവിന്മേലുള്ള അധിക നികുതി സംസ്ഥാന സർക്കാർ വേണ്ടെന്നു വയ്ക്കുകയും ഇതിനുവേണ്ടി റവന്യു ന്യൂട്രൽ റേറ്റിലുള്ള നികുതി നിരക്ക് കണ്ടെത്തുകയും മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി, വിലവർദ്ധനവ് വരുമ്പോഴും കിട്ടത്തക്ക വിധം നികുതിനിരക്ക് കുറച്ച് പുന:ക്രമീകരിക്കുകയുമാണ് ചെയ്തുവരുന്നത്. |
| (ഡി) | പ്രഖ്യാപിച്ചിരുന്ന നികുതിയിളവ് പിൻവലിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ ? | | 1/11/2013-ൽ എണ്ണ കമ്പനികൾ പെട്രോളിന്റെ വില 1.15 രൂപ കുറച്ചതിനെ തുടർന്ന് പെട്രോളിന്റെ ചില്ലറ വില്പനവില ലിറ്ററിന് 72.85 ആയി കുറവു വന്ന സാഹചര്യത്തിൽ സർക്കാരിന് പ്രതിമാസം ഉണ്ടാകുന്ന 4.09 കോടി രൂപയുടെ സാമ്പത്തിക നഷ്ടം നികത്തുന്നതിനും റവന്യു ന്യൂട്രൽ നിരക്ക് പുന:സ്ഥാപിക്കുന്നതിനുമായി പെട്രോളിന്റെ നിലവിലെ നികുതി നിരക്ക് 25.68 %-ത്തിൽ നിന്നും 26.21 %-ത്തിൽ ആയി ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ